വൈദ്യരത്നം പി.എസ്. വാരിയരുടെ

# ആര്യവൈദ്യശാല, കോട്ടയ്ക്കൽ

**'വൈദ്യരത്നം പി. എസ്. വാരിയർ അവാർഡി'നുവേണ്ടിയുള്ള**

## അഖിലേന്ത്യാപ്രബന്ധമത്സരം - 2021

### നിബന്ധനകൾ

1. ഈ സമ്മാനങ്ങളുടെ പേര് "**വൈദ്യരത്നം പി. എസ്. വാരിയർ അവാർഡ്**" എന്നായിരിക്കും.

2. ഈ വർഷത്തെ പ്രബന്ധമത്സരത്തിനു നിശ്ചയിക്കപ്പെട്ടിട്ടുള്ള വിഷയം **'രസായനത്തിന്റെ ചികിത്സോപയോഗം ആധുനികകാലത്ത്' (Clinical application of Rasayana in modern times)** എന്നതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ടു നടന്നുവരുന്ന ഗവേഷണങ്ങളെക്കൂടി പരാമർശിക്കുന്നതായിരിക്കണം പ്രബന്ധമെന്ന് പ്രത്യേകം സൂചിപ്പിക്കുന്നു.

3. ആര്യവൈദ്യശാല നിയമിക്കുന്ന ഒരു കമ്മറ്റിയായിരിക്കും പ്രബന്ധങ്ങൾ വിലയിരുത്തുക. ഒന്നും രണ്ടും സമ്മാനങ്ങൾക്ക് അർഹരായ പ്രബന്ധകർത്താക്കൾക്ക് യഥാക്രമം 25,000 രൂപയും 15,000 രൂപയും സമ്മാനമായി നൽകുന്നതാണ്. എന്നാൽ ഒന്നിലധികം പ്രബന്ധങ്ങൾ ഏറ്റവും നല്ലവയും തുല്യയോഗ്യതയുള്ളവയുമായി വിധിക്കപ്പെട്ടാൽ മൊത്തം സമ്മാനത്തുകയായ 40,000 രൂപ ആ പ്രബന്ധകർത്താക്കൾക്ക് തുല്യമായി വീതിക്കുന്നതാണ്. അപ്പോൾ രണ്ടാം സമ്മാനം ഉണ്ടായിരിക്കുന്നതല്ല. രണ്ടാം സമ്മാനത്തിനർഹമാകുന്ന പ്രബന്ധത്തെ സംബന്ധിച്ചാണ് ഇങ്ങനെയൊരവസ്ഥ ഉണ്ടാകുന്നതെങ്കിൽ, രണ്ടാം സമ്മാനത്തുകയായ 15,000 രൂപ ആ പ്രബന്ധകർത്താക്കൾക്ക് തുല്യമായി വീതിക്കുന്നതാണ്.

4. പ്രബന്ധങ്ങൾ മൗലികവും ആയുർവേദതത്ത്വങ്ങളെ അടിസ്ഥാനമാക്കിയതും ആയിരിക്കണം. മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ ഏതെങ്കിലും ഒന്നിൽ A4 size പേജിൽ 15,000 വാക്കുകളിൽ കുറയാതെയും 22,000 വാക്കുകളിൽ കവിയാതെയും തയ്യാറാക്കേണ്ടതാണ് (ചാർട്ടുകളും ചിത്രങ്ങളും പുറമെ). പ്രബന്ധങ്ങൾ വൃത്തിയായി, പേജിന്റെ ഒരു പുറത്തു മാത്രം ടൈപ്പു ചെയ്തിരിക്കണം. പ്രബന്ധത്തോടൊപ്പം 2 പേജിൽ കവിയാതെ പ്രബന്ധത്തിന്റെ ഒരു ചുരുക്കവും പ്രബന്ധത്തിൽ ഉദ്ധരിച്ചിട്ടുള്ള പ്രമാണഗ്രന്ഥങ്ങളുടെയും രേഖകളുടെയും പൂർണമായ അനുക്രമണികയും ഉണ്ടായിരിക്കണം. ഇംഗ്ലീഷിൽ തയ്യാറാക്കുന്ന പ്രബന്ധങ്ങളിൽ, സംസ്കൃതവാക്കുകൾക്ക് അനുയോജ്യമായ ഇംഗ്ലീഷ് പദങ്ങൾതന്നെ ഉപയോഗിക്കേണ്ടതാണ്.

5. പ്രബന്ധം തികച്ചും സ്വന്തവും മൗലികവുമായിരിക്കണം. ഏതെങ്കിലും സർവകലാശാലയിൽ പി.എച്ച്.ഡി., എം.ഫിൽ തുടങ്ങിയ ബിരുദങ്ങൾക്ക് സമർപ്പിച്ചതോ ഏതെങ്കിലും മത്സരത്തിൽ സമ്മാനം ലഭിച്ചതോ ആയിരിക്കാൻ പാടില്ല. ഇത് സ്ഥാപിക്കുന്നതിനായി ഒരു പ്രതിജ്ഞാപത്രം ഒപ്പിട്ട് പ്രബന്ധത്തോടൊപ്പം അയച്ചിരിക്കണം.

6. പ്രബന്ധത്തിൽ ഒരിടത്തും രചയിതാവിന്റെ പേരോ മേൽവിലാസമോ ഉണ്ടായിരിക്കരുത്. ആമുഖമായി വെയ്ക്കുന്ന കത്തിൽ രചയിതാവിന്റെ പേര്, മേൽവിലാസം, ഫോൺ നമ്പർ, ഇമെയിൽ ഐഡി എന്നിവ ചേർത്തിരിക്കണം.

7. പ്രബന്ധത്തിന്റെ **വൃത്തിയായി ബൈൻഡുചെയ്ത നാലു കോപ്പികൾ** കവറിന്മേൽ "പ്രബന്ധമത്സരം" എന്നെഴുതി "മാനേജിങ്ങ് ട്രസ്റ്റി, ആര്യവൈദ്യശാല, കോട്ടയ്ക്കൽ, മലപ്പുറം ജില്ല, പിൻ - 676 503, കേരളം" എന്ന മേൽവിലാസത്തിൽ **2021 ഏപ്രിൽ 30-ാം** തീയതിക്കുള്ളിൽ കിട്ടത്തക്കവിധം മടക്കരശീതിയോടെ റജിസ്റ്റർ ചെയ്ത് അയക്കേണ്ടതാണ്.

8. സമ്മാനാർഹമല്ലാത്ത പ്രബന്ധങ്ങൾ സാധാരണഗതിയിൽ തൽക്കർത്താക്കൾക്ക് തിരിച്ചയയ്ക്കുന്നതാണ്. എന്നാൽ ഇതൊരു ബാധ്യതയായി കണക്കാക്കിക്കൂടാ. പ്രബന്ധകർത്താക്കൾ ഓരോ കോപ്പി സ്വന്തമായി സൂക്ഷിക്കുന്നത് നന്നായിരിക്കും.

9. സമ്മാനർഹമാകുന്ന പ്രബന്ധങ്ങളുടെ പകർപ്പവകാശം കോട്ടയ്ക്കൽ ആര്യവൈദ്യശാലയ്ക്കായിരിക്കും.

10. സമ്മാനാർഹമായ നിലവാരമുള്ള പ്രബന്ധങ്ങളൊന്നും ലഭിച്ചിട്ടില്ലെന്ന് പരിശോധകർ വിധിക്കുന്നപക്ഷം സമ്മാനങ്ങൾ വേണ്ടെന്നുവയ്ക്കാൻ ആര്യവൈദ്യശാലാ അധികൃതർക്ക് അധികാരമുണ്ടായിരിക്കും.

11. മത്സരം സംബന്ധിച്ച എല്ലാ കാര്യങ്ങളിലും ആര്യവൈദ്യശാലാ ട്രസ്റ്റ്ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

കോട്ടയ്ക്കൽ
08.03.2021

മാനേജിങ്ങ് ട്രസ്റ്റി